# മിന്നാമിന്നി

## ഗവ.ട്രൈബൽ ഹൈസ്കൂൾ ഇടിഞ്ഞാർ

## സ്കൂൾ ഡിജിറ്റൽ മാഗസിൻ

# സന്ദേശം

സ്കൂളിൽ ലിറ്റിൽ കൈറ്റിൻെറ ഭാഗമായി ഒരു മാഗസിൻ തയ്യാറാക്കി എന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്.കുട്ടികളുടെ ഇൻഫർമേഷൻ ടെക്നോളജി പഠനം മികവുറ്റതാക്കാൻ ഇത്തരം പ്രവർത്തനങ്ങൾ സഹായകമാകട്ടെ എന്നാശംസിക്കുന്നു.

ഹെഡ്മാസ്റ്റർ

**ഗവ.ട്രൈബൽ ഹൈസ്കൂൾ,ഇടിഞ്ഞാർ**

# എഡിറ്റോറിയൽ ബോർഡ്

## അധ്യാപകസാരഥികൾ

- ബിജു ബി.കെ
- ഗീതാകുമാരി എസ്.

## വിദ്യാർത്ഥി സാരഥികൾ

- അശ്വമേഘ് എസ്. എസ്
- സജീവ് വി.
- ജിഷ്ണ ജെ. വി
- മിഥുൻ കൃഷ്ണൻ
- ലക്ഷ്മി.എസ്.വി
- സൽമാബീവി

# താളുകൾ മറിയുമ്പോൾ

- കവിതകൾ
- കഥകൾ
- ലേഖനങ്ങൾ
- വിവരണങ്ങൾ
- പകർത്തെഴുത്തുകൾ

ലിറ്റിൽ

# ഉരിയാടൽ

കൈറ്റ്സിന്റെ കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണിത്. തികച്ചും വ്യത്യസ്തമായ ഒരാശയത്തിന്റെപൂർത്തീകരണത്തിനുവേണ്ടി കുട്ടികളും അധ്യാപകരും വളരെ കാര്യമായ പരിശ്രമം നടത്തിയിട്ടുണ്ട്.തുടക്കം എന്ന നിലയിൽ ഉള്ളടക്കത്തിലും കെട്ടിലും മട്ടിലും അല്പം മെച്ചപ്പെടുത്തലുകൾ വേണ്ടതുണ്ട്.ആദ്യ സംരംഭമെന്ന നിലയിൽ ആ കുറവുകൾ ക്ഷമിച്ച് പ്രോത്സാഹിപ്പിക്കുമെന്നും കുട്ടികളുടെ രചനകൾ സാങ്കേതിക ജ്ഞാനം ഇവ പോഷിപ്പിക്കാൻ ഇത്തരം പദ്ധികൾ ഉതകുന്നതാണ്. ഈ മാഗസിൻസ്കൂളിന് വേണ്ടി സമർപ്പിക്കുന്നു.....

# കുഞ്ഞി കവിതകൾ

## തത്തമ്മ

പാറി നടക്കും തത്തമ്മ
സുന്ദരിയായൊരു തത്തമ്മ
പച്ചനിറത്തിൻശോഭിതയാൽ
ചെൻചുണ്ടിൻ ചാരുതയൽ
കൂകി വിളിക്കുംതത്തമ്മ
തത്തമ്മ പൊൻ തത്തമ്മ.

## കുട്ടനും കുട്ടയും

കുട്ട വേണോ കുട്ട
നല്ല ഈറ കുട്ട
കാലണയ്ക്ക് രണ്ട്
കുട്ട വേണോ കുട്ട
രണ്ടുകർണ്ണമുള്ള കുട്ട
ഓടി വായോ ഓടി വായോ
കുട്ടൻ വാങ്ങി തന്ന കുട്ട....

## മലയും മയിലും

മലയുടെ മുകളിൽ
വന്നൊരു വീരൻ
കണ്ടോ? മലയിൽ
പീലിവിടർത്തി
സുന്ദരമായൊരുനർത്തനമാടി
മയിലമ്മ.. **(ഗോപിക ജി.യു.ക്ളാസ്.3)**

# ചിന്നനും നിറവും

ഒരു പാവത്താനായിരുന്നു ചിന്നൻ മാൻ. ഒരു ദിവസം "ങുർ...ങുർ!" എന്ന് കൂർക്കം വലിച്ച് ഉറങ്ങിയഅവൻ ഒരു സിംഹത്തിൻെ്റ ശബ്ദം കേട്ട് ഞെട്ടിയുണർന്നു. അപ്പോഴോ? അവനൊഴികെ ഒന്നിനും നിറമില്ല! അയ്യോ! ങീ..... ങീ....! ചിന്നൻ ഉറക്കെ കരയാൻ തുടങ്ങി.അവൻെ്റ കരച്ചിൽ കേട്ട് ഒരു മാന്ത്രിക ചിത്രശലഭം അതുവഴി വന്നു."എന്താ,എന്തുപറ്റി?" ;ചിറകുകളിൽ നിറയെ പല നിറങ്ങൾ ഉള്ള ചിത്രശലഭം ചോദിച്ചു എനിക്ക് ഒഴികെ ഒന്നിനും നിറമില്ല.";ചിന്നൻ പറഞ്ഞു.

വിഷമിക്കേണ്ട ഞാൻ നിനക്ക് നിറങ്ങൾ തരാം.ചിത്രശലഭം പറഞ്ഞു. ചിത്രശലഭം ചിറകുകളിൽ നിന്നും ഓരോ നിറങ്ങളായി ചിന്നൻെ്റ ബ്രഷിലേക്ക് ഇറ്റിച്ചു;!.ചിന്നൻ ഓരോരുത്തർക്കായി നിറം; കൊടുക്കാൻ തുടങ്ങി.അങ്ങനെ എല്ലാവർക്കും നല്ല നിറം കിട്ടി.

"ഹായ്! ഇപ്പോൾ എല്ലാവരേയും കാണാൻ എന്തുഭംഗി! ;ചിന്നൻ അവിടെ കണ്ട പുൽച്ചാടിയോട്പറഞ്ഞു. അതുകേട്ട ചിന്നൻ സന്തോഷത്തോടെ ചാടിയോടി പോയി.............

**വിഘ്നേഷ് കുമാർ വി. ജെ. ക്ലാസ്:9**

# മഴ

മഴപെയ്യും നേരത്ത് ആകാശത്തിൽ
വർണ്ണം വിതച്ചൊരാ മഴവില്ല്
കാണുവാൻ എൻ മോഹം
മഴയുടെ നാദം കേട്ടാൽ
പാദസ്വരത്തിൻ കിലുക്കം പോലെ
മഴപെയ്യും നേരത്ത് എൻഹൃത്തിൽ
കുളിർ മഴപെയ്യും
മഴപെയ്യുമ്പോൾ കാതോർക്കും
ഞാനാ മഴയുടെ ഗാനം കേൾക്കാൻ
മഴയായി കുളിരായി
വെയിലായി മഴവില്ലായി
വാനിലുയർത്തും പുതുഗീതം
എത്ര മനോഹരമീ ഗീതം......

കൃഷ്ണവേണി ക്ലാസ്.9

# പാവകുട്ടി

മിന്നാമിന്നി

പാവകുട്ടി പാവകുട്ടി
നിർത്തം ചെയ്യും പാവകുട്ടി
പാവകുട്ടി പാവകുട്ടി
പാട്ടുകൾ പാടും  പാവകുട്ടി
പാവകുട്ടി പാവകുട്ടി
മുറ്റമടിക്കും പാവകുട്ടി
പാവകുട്ടി പാവകുട്ടി
വട്ടം ചുറ്റും പാവകുട്ടി
പാവകുട്ടി പാവകുട്ടി
എല്ലാം ചെയ്യും പാവകുട്ടി
പാവകുട്ടി പാവകുട്ടി
കുളിച്ചൊരുങ്ങും പാവകുട്ടി
പാവകുട്ടി പാവകുട്ടി
പൂക്കൾ ഇറുക്കും പാവകുട്ടി
പാവകുട്ടി പാവകുട്ടി
ഊഞ്ഞാലാടും പാവകുട്ടി
പാവകുട്ടി പാവകുട്ടി
പുത്തനുടുക്കും പാവകുട്ടി
പാവകുട്ടി പാവകുട്ടി
ഒളിച്ചിരിക്കും  പാവകുട്ടി
പാവകുട്ടി പാവകുട്ടി
ഊട്ടിയുറക്കും പാവകുട്ടി
പാവകുട്ടി പാവകുട്ടി
രാവിലെ ഉണരും പാവകുട്ടി
പാവകുട്ടി പാവകുട്ടി

ആർത്തുരസിക്കും പാവകുട്ടിപാവകുട്ടി -ശുഭം-(**ഗോപിക ജി.യു. തരം.3**)

# പുഞ്ചിരിയുടെ വില

ചെലവും ബുദ്ധിമുട്ടുംഏറ്റവും കുറഞ്ഞതും അതേ സമയം ഒരുപാട് മൂല്യവത്തായതുമായ ഒരാശയവിനിമയമാണ് പുഞ്ചിരി. എല്ലാവർക്കും മനസ്സിലാകുന്ന ലോകഭാഷ.ദു:ഖം എന്തായാലും ഒരു നിമിഷതത്തേക്കെങ്കിലും അതിനെ ഇല്ലാതാക്കാൻ അത്യപൂർവ്വമായ കഴിവുണ്ടതിന്. നമ്മുടെ സ്കൂളിൽ എടുത്തു പറയേണ്ട പുഞ്ചിരിയുടെ ഉടമയാണ് നമ്മുടെ ഗോപി മാമൻ.പുഞ്ചിരിയുടെ വിശേഷം പറയുകയാണെങ്കിൽ ഒരു ഉദാഹരണം പറയാം.ന്യൂയോർക്കിലെ പ്രശസ്തമായ ഗോൾഡൻ ഗേറ്റ് പാലത്തിൽ നിന്ന്ചാടി ആത്മഹത്യ ചെയ്ത വ്യക്തി,അദ്ദേഹത്തിൻെറ മുറിയിൽ ഒരു കുറിപ്പ് വച്ചിരുന്നു.അതിങ്ങനെയായിരുന്നു."ഞാൻ ഈ പാലത്തിലൂടെ നടക്കാൻപോകുന്നു. വഴിയിൽ വച്ച്ഏതെങ്കിലും ഒരു വ്യക്തി എൻെറ മുഖത്തുനോക്കി പുഞ്ചിരിച്ചാൽ, ഞാൻ ചാടില്ല".

പുഞ്ചിരിയുടെ വില എന്താണെന്നു മനസ്സിലായില്ലേ.............

പുഞ്ചിരിയിലെ നന്മയെ തിരിച്ചറിഞ്ഞ് പോസിറ്റീവായി ജിവിതത്തെ നേരിടുക.....നന്മവരട്ടെ....(ഗീത അധ്യാപിക)

# വായനാകാശം

2018-2019 അധ്യയന വർഷത്തിലെ സ്കൂൾ വാർഷിക പദ്ധതിയിലെ പ്രധാനപരിപാടികളിൽ ഒന്നായിരുന്നു വായനാകാശം.എല്ലാവരും വായിക്കുക എന്നതാണ് ഈ പദ്ധികൊണ്ടുദ്ദേശിച്ചത്.ജൂൺ 19 വായനദിനത്തിൽ ആരംഭിച്ച ഈ പദ്ധിതിയുടെ ഉദ്ഘാടനം പോലും വ്യത്യസ്തമായിരുന്നു. മുഖ്യാതിഥികളടക്കം ഓരോ പുസ്തകത്തിലെ ഏതാനം വരികൾ വായിച്ചുകൊണ്ടു പ്രസംഗത്തെക്കാൾ വായനക്ക് പ്രാധാന്യം നൽകി കൊണ്ടുള്ളതായിരുന്നു.സ്കൂളിലെ മുഴവൻ ക്ളാസ്സ് പ്രതിനിധികളും പി.ടി.എ അംഗങ്ങളും അധ്യാപകരും പാചകത്തൊഴിലാളികളും വായനയി പങ്കാളികളായി.

തുടർന്നുള്ള ദിവസങ്ങളിൽ കുട്ടികൾ പുസ്തകങ്ങൾ തെരെഞ്ഞെടുത്തു വായന ആരംഭിച്ചു. എട്ടാം ക്ളാസിൽ 21 കുട്ടികൾ അവരിൽ 31 പുസ്തകങ്ങൾ വരെ വായിച്ച കുട്ടികൾ ക്ളാസിലുണ്ട്.ഏറേയും ബാലസാഹിത്യക്ർതികളാണ് എടുത്തിട്ടുള്ളത്.ആൺകുട്ടികളെക്കാളും പെൺകുട്ടികളാണ് വായനയിൽ മുൻപിൽ. ഭിന്നശേഷിക്കാരിയായ ഒരു കുട്ടി എടുക്കുന്ന പുസ്തകങ്ങൾ അവളുടെ അച്ഛൻ വായിച്ചു കൊടുക്കുന്നു.

ഒൻപതാം ക്ളാസിൽ കുട്ടികൾ ലൈബ്രറിയിൽ നിന്ന് നേരിട്ട് പുസ്തകങ്ങൾ എടുത്തു വായിക്കുന്നു.അവിടെയും ഇരുപതു ഇരുപത്തുയൻച്ച് പുസ്തകങ്ങൾ ഡിസംബർ വരെ ആയപ്പോൾ കുട്ടികൾ വായിച്ചിട്ടുണ്ടു. പത്താം ക്ളാസിലെ വായനയെ

കുറിച്ച്പറഞ്ഞാൽ നന്നായി വായിക്കുന്നവരാണ്
അതികവും.ബാലസാഹിത്യക്ര്തികളിൽ തുടങ്ങി ഇപ്പോൾ
ഗൗരവമേറിയ
വായനയിൽ എത്തിയവരും ഇക്കൂട്ടത്തിലുണ്ട് .

**എൽ. പി. ക്ളാസുകളിൽ**
**ക്ളാസ് അധ്യാപകർ കുഞ്ഞ്**
**കുഞ്ഞ് കഥകൾ കുട്ടികൾക്ക് വായിച്ചു കൊടുക്കുന്നു.ഒപ്പം**
**ചെറുകഥാപുസ്തകങ്ങൾ**
**വായനക്കായി നല്കി വരുകയും**
**ചെയ്യുന്നു.**
**അപ്പർ പ്രൈമറി ക്ളാസുകളിൽ**
**ഏറെയും ബാലസാഹിത്യ കിർതികൾ**
**തന്നെയാണ് വായനയിൽ അധികവും.**
**കുട്ടികളെക്കൂടേതെ**
**രക്ഷിതാക്കളും വായനയിൽ**
**പങ്കാളികളാണ്. വിട്ടിക്കാവ് ഊരിൽ നിന്നും**
**മോഹനൻ, സുജാത,രേഷ്മ സൂര്യ, വിവിതാമോൾ,ലാലു,**
**ചന്ദ്രഗിരിജ,വിജിത, ഷീജ,സജിത,**
**സുമ എന്നിവരേയും ഈയ്യക്കോട്**
**കല്ലുണ നിന്നും പ്രവീണ,ഷൈലജ,**
**സന്ധ്യ,സ്മിത, ഊരുമൂപ്പൻ ബാലകിർഷ്ണൻ**
**എന്നിവരേയും വായനയിലേക്ക്**
**കൊണ്ടുവരാൻ കഴിഞ്ഞവെന്നത് ഇടിഞ്ഞാറിനെ**
**സംബന്ധിച്ചടത്തോളം വായനാകാശം വൻ വിജയമാണ്.**
**ധ്യാപകരും വായനയിൽ പിന്നോട്ടല്ല എല്ലാവരിലും മുന്നിൽ**
**ഭാഷാധ്യാപകൻ ബിജു ബി.കെ എന്നുമാത്രം.**
**ഇത്തരത്തിലുള്ള വിജയങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതു**
**ക്ളാസ് അധ്യാപകരും ലൈബ്രെറി അധ്യാപിക**
**ഹനീസയുമാണ്.**

**വായനാകാശം പദ്ധതി ഇടിഞ്ഞാർ ഗവ.ട്രൈബൽ ഹൈസ്കൂളിനെ ഫീനിക്സ് പക്ഷിയെപോലെ കുതിപ്പിച്ചുയർത്തുന്ന പദ്ധതി തന്നെയാണ്.**

.....................

# ടിപ്സ്

ചാരം കിട്ടുമെങ്കിൽ അതുപയോഗിച്ച് പാത്രം കഴുകി വൃത്തിയാക്കാം

- കട്ടുത്ത കറകൾ നീക്കുന്നതിന് മുൻപ് പാത്രങ്ങളിൽ വെള്ളമൊഴിച്ച് കുറച്ച് സമയം വയ്ക്കുക.കറ എളുപ്പത്തിൽ ഇളകും.
- സാധാരണ വെള്ളത്തിൽ കഴുകിയശേഷം അല്പം ചൂടുവെള്ളത്തിൽ കൂടി കഴുകിയാൽ നല്ലതാണ്.
- നാരങ്ങാനീര്, വിനാഗിരി ഇവയൊക്കെ ചേർത്ത് പാത്രം കഴുകുന്നത് എളുപ്പം വൃത്തിയാക്കാൻ സഹായിക്കും.
- ഡിഷ് വാഷുകൾ കൈകളുടെ ചർമത്തിന് അസ്വസ്ഥതയുണ്ടാക്കുന്നുവെങ്കിൽ കൈയിൽ കൈയുറ ധരിക്കുക............

# ഇന്ത്യയിലെ പ്രധാന കൃഷികൾ

<u>നെല്ല്</u>

ലോകത്തിനുവേണ്ട അരിയുടെ അഞ്ചിലൊന്നും ഇന്ത്യാക്കാരാണ് കൃഷിചെയ്ത് ഉണ്ടാക്കുന്നത്.

<u>ജോവർ</u>

അരിച്ചോളം,കാക്കച്ചോളം എന്നൊക്കെ വിളിക്കപ്പെടുന്ന ധാന്യമാണ് ജോവർ.ഇന്ത്യയിൽ ഒരു വർഷം എട്ടുലക്ഷം ടൺ ജോവർ ഉണ്ടാക്കുന്നു.ഇതിൽ പകുതിയും മഹാരാഷ്ട്രയിലാണ്.

**<u>ബാർളി</u>**

**ഇന്ത്യയിൽ ഒരു വർഷം ഒന്നരക്കോടി ടൺ ബാർളി വിളയുന്നു.ബാർളിയിട്ട് തിളപ്പിച്ച വെള്ളത്തിന് ഔഷധ ഗുണമുണ്ടെന്നാണ് വിശ്വാസം.**

<u>റാഗി</u>

പഞ്ഞപ്പുല്ല്, കുരക്,കുവരക്, മുത്താറി എന്നെല്ലാം വിളിക്കുന്ന ധാന്യമാണ്.റാഗി.ഇന്ത്യയിൽ 25 ലക്ഷം ടൺ റാഗി കൃഷി ചെയ്യപ്പെടുന്നു.

# പൊതു അറിവ്

1. ഔഷധസസ്യങ്ങളുടെ മാതാവെന്നറിയപ്പെടുന്ന സസ്യം ഏതാണ്?

തുളസി

2.പാകിസ്ഥാന്റെ ദേശീയ പുഷ്പം ഏത്?

മുല്ല

3.ജമൈക്കൻ പെപ്പർ എന്നറിയപ്പെടുന്നത് എന്തിനെയാണ്?

സർവസുഗന്ധി

4.ഇന്ത്യയുടെ ചന്ദന നഗരം ഏതാണ്?

മൈസൂർ

5.സ്വർഗീയ ഫലം ഏതാണ്?

കൈതച്ചക്ക

# ചില ഭാഷാശൈലികൾ

നാണമില്ലാതെ വേണ്ടിയാ നാക്കറിഞ്ചുതിന്നാം
മുള്ളായാലും മുറകെ പിടിച്ചണം
പാത്തരം അറിഞ്ച് വിളംമ്പണം
അരമുറുക്കി ചീല ഉടുക്കണം
കളംകണ്ടാകളിച്ചണം പൂവ്വ കണ്ടാ ചൂടണം
തന്ത മരക്ക തള്ളമരക്ക അക്കടിമക്കളൊക്കെ മരക്കാ
പുള്ള കണ്ടാ എടുക്കണം വേലകണ്ടാ ചെയ്യണം
താനംതിന്നാതർ ളുവ്വംകൊടുക്കാ
ഉണ്ട് നിറഞ്ചവൻ മൂടി ഉരുള വേണ്ടണം
വെനികൊണ്ട പൂവിയീപതുക്കെ നടക്കണം
കണ്ടതിലോഹരി ചെയ്ത്താ വെന്തതിലോഹരി തിന്നാം.
അന്തിച്ചും മുന്തിച്ചുംഅറപ്പടിയി ഇരിച്ചെല്ലം.
കെയ് മുറുക്കി വേല ചെയ്യണം.
അവ്ട കണ്ടത് അവ്ട ഇവ്ട കണ്ടത് ഇവ്ട.
അറയല്ലെ മാവ്ളെ കറി നേരെ
ചൊവ്വേഅരച്ച് വെച്ചേലെ രുചിയുണ്ടാവ്വൂ.

# സ്കൂളൊരുമ

ഇടിഞ്ഞാർ സ്കൂളിൽ വായനദിനത്തിൽ ഉദ്ഘാടനം ചെയ്ത മറ്റൊരു പദ്ധതിയാണ് സ്കൂളൊരുമ. ഇതനുസരിച്ച് സ്കൂളിൽ വരുന്ന കുട്ടികളുടെ വാസസ്ഥലങ്ങളെ അടിസ്ഥാനമാക്കി ഏഴ് മേഖലകളായി തിരിക്കുകയും ഓരോ സ്ഥലത്തിനും സ്ഥലവുമായി

ബന്ധപ്പെട്ട പേരുകൾ നൽകുകയും ചെയ്തു. സ്കൂളും രക്ഷിതാക്കളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം.

ആരോഗ്യപച്ച,വേ,പില്ലാഞ്ഞി,വരയാട് മൊട്ട,മൂട്ടിമരം എന്നിങ്ങനെ പേരിട്ട കൂട്ടായ്മകൾക്ക് വളരെ നല്ല പ്രതികരണമാണ് രക്ഷിതാക്കളിൽ നിന്നും നാട്ടുകാരിൽ നിന്നും ഉണ്ടായത്.കുട്ടികളിൽ മെച്ചപ്പെടുത്തലുകൾ ഉണ്ടാക്കാൻ ഈ പദ്ധതി വളരെ അധികം പ്രയോജനപ്പെടുന്നു വെന്നത്.ഏറെ സന്തോഷാവഹമാണ്.

# ഉറുമ്പുകൾ ഉറങ്ങാറില്ല

എല്ലാ അമ്മമാരും അച്ഛൻമാരും പറയുന്ന ഒരേഒരു കാര്യമാണ് ഉറുമ്പിനെ കണ്ട്
പഠിക്കുക എന്നല്ലെ. ഒരു ദിവസം എല്ലാ ഉറുമ്പുകളും കൂടി അവർക്ക് ആവശ്യമായ
ആഹാരങ്ങൾ അവരവരുടെ വീട്ടിൽ കൊണ്ട്എത്തിക്കുകയായിരുന്നു.

ഡിക്കുവിന്റെ അച്ഛൻ ഡിങ്കൻ വന്ന് ഡിക്കുവിനെ വിളിച്ച്
ഉണർത്തിയിട്ട് ചോദിച്ചു നീ എന്താ ജോലി ചെയ്യാത്തത്. ഡിക്കു
പറഞ്ഞു എന്നെകൊണ്ട് ഇപ്പോൾ ചെയ്യാൻ പറ്റില്ല.അതെന്താ.........
ഞാൻ രാത്രിചെയ്തുകൊള്ളാം അപ്പോഴാണ് അച്ഛൻ.നീ
ഉറങ്ങുന്നില്ലേ..
ഇല്ല.അതെന്താ? എന്റെ ആഹാരം ഞാൻ ഇതുവരെ
സംഭരിച്ചിറ്റില്ല.അപ്പോഴെ ഞാൻപറഞ്ഞതല്ലെ.നിന്നോട്
പകൽതന്നെ ചെയ്ത് തീർക്കാൻ.അപ്പോൾനീ അത്
അനുസരിച്ചില്ല.അതു സാരമില്ല എന്റെ ജോലി ഞാൻ തന്നെ
തീർത്തുക്കൊള്ളാം അങ്ങനെ ഡിക്കുവിന്റ അച്ഛൻ
സമ്മതിച്ചു.അപ്പോഴാണ് അച്ഛൻ തന്റെ കൂട്ടുകാരോടും
കുടുംബത്തോടുംകൂടി പറഞ്ഞത് ഇപ്രകാരമായിരുന്നു.

നമ്മൾ ഉറുമ്പുകൾ രത്രിയിലും ജോലിചെയ്താൽ മാത്രമേ
നമുക്ക് മഴക്കാലത്ത്കഴിക്കാൻസാദിക്കുകയുള്ളു. അതിനുശേഷം
രാത്രിയിലും ഉറുമ്പുകൾ ജോലിചെയ്യാൻ തുടങ്ങി. അതുകൊണ്ടാണ്
ഈ കഥയ്ക്ക് ഉറുമ്പുകൾ ഉറങ്ങാറില്ല എന്ന ശീർഷകം നൽകിയത്.

LEKSHMI.S.

# രേണുക

രേണുകെ നീ രാഗരേണു കിനാവിന്റെ
നീലകടമ്പിൻ പരാഗരേണു
പിരിയുമ്പോഴേതേ നനഞ്ഞ കൊമ്പിൽ നിന്നും
നിലതെറ്റിവീണ രണ്ട് ഇലകൾ നമ്മൾ
പിരിയുന്ന രേണുകെ നാം രണ്ട് പുഴകളായി
ഒഴുകി അലയുന്നിതാ പ്രണയ ശൂന്യം
ജലം ഉറങ്ങൊരു ദീർഘ ശിലപോലെ നീ
വറ്റി വറുതി ജീർണ്ണമായി മൃതമായി ഞാൻ
ഓർമിക്കുവാൻഞാൻ നിനെക്കെന്തു നൽകണം
ഓർമിക്കുവാൻ എന്ന വാക്കുമാത
എന്നെങ്കിലും വീണ്ടും എവിടെ വച്ചെങ്കിലും
കണ്ടുമുണ്ടാം എന്ന വാക്കുമാത്രം
നാളെ പ്രതിക്ഷതൻ കുങ്കുമപൂവായി
നാം കടം കൊള്ളുന്നത് ഇത്രമാത്രം
രേണുകെ നാം രണ്ടു നിഴലുകൾ
ഇരുളിൽ നാം രൂപങ്ങളില്ല കിനാവും ഇല്ല
പകലിന്റെ നിറമാണ് നമ്മളിൽ
കിനാവും നിരാശയും
കണ്ടു മുട്ടുന്നു ഞാൻ വീണ്ടുമീ സന്ധ്യയിൽ
വർണ്ണങ്ങൾ വറ്റുന്ന കണ്ണുമായി
നിറയുന്നു നീ എന്നിൽ
നിന്റെ കൺമുനകളിൽനിറയുന്ന കണ്ണു നീറ്തുള്ളി പോലെമുരുകൻ
കാട്ടാക്കട (ജിഷ്ണു.ജെ.വി.)

# വാക്ക്

വിവര വിനിമയ സാങ്കേതിക വിദ്യയുടെ നേട്ടം നമ്മുടെ മുന്നിലിരിക്കുന്ന കുട്ടിയെ പാഠപുസ്തകത്തിലെ അറിവുകൾക്കും അപ്പുറം പ്രവർത്തനാധിഷ്ഠിതവും ജിജ്ഞാസയും ഉളവാക്കുന്ന പ്രവർത്തനങ്ങൾ സജ്ജമാക്കാൻ അവരെ തയ്യാറാക്കും.സാങ്കേതിക വിദ്യയിലുള്ള പുത്തൻ തലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുവാനായി ലിറ്റിൽ കൈറ്റ് എന്ന ഐ.ടി. കൂട്ടായ്മ എല്ലാസ്കൂളുകളിലും നടക്കുന്നുണ്ട്. ഈ സാങ്കേതിക വിദ്യയുടെ പ്രയോഗസാധ്യതകൾ ഉപയോഗപ്പെടുത്തിയാണ് നമ്മുടെസ്കൂളിലെ കൈറ്റ് ടീം അംഗങ്ങളുടെ സർഗ്ഗാത്മക രചനകൾ മിന്നാമിന്നി എന്ന പേരിൽ ഡിജിറ്റൽ മാഗസിൻ രൂപത്തിൽ നിങ്ങളുടെ മുന്നിൽ അവതരിപ്പിച്ചത്. ഇരുട്ടിനെ പ്രകാശമാക്കുകയാണ് മിന്നാമിന്നി ലോകത്തോട് ചെയ്യുന്നത്.അത്തരത്തിൽ ഒരു മാറ്റത്തിന്റെ സൂചനയാണ് ഞങ്ങൾ ഈ മാഗസിനിലൂടെ കൊണ്ടുവരാൻ ശ്രമിച്ചത്.

•••••••••••••••••

# നമ്മുടെ സ്കൂൾ



# സ്കൂളിൽ ഡോ.ശശികല മേം സന്ദർശിച്ചപ്പോൾ



# ചലനങ്ങൾ









